भारतीय गैर न्यायिक

भारत

पचास रुपये रु.50

FIFTY RUPEES Rs.50

सत्यमेव जयते

INDIA

INDIA NON JUDICIAL

DA 421823

കേരളം केरल KERALA

**ലൈസൻസ് എഗ്രിമെന്റ്**

ഇന്ന് 2024 മെയ് മാസം 14–ാം തിയ്യതി (14.05.2024) താമരശ്ശേരി താലൂക്ക് ഈങ്ങാപ്പുഴ അംശം പാടൂർ ദേശത്ത് കുപ്പായക്കോട് പോസ്റ്റോഫീസ് പരിധിയിൽ താമസിക്കും വരിക്കമാക്കൽ വീട്ടിൽ സ്കറിയ മകൻ രാജു സ്കറിയ 62 വയസ്സ് (ലൈസൻസർ) ഒന്നാം കക്ഷിയായും താമരശ്ശേരി താലൂക്ക് പുതുപ്പാടി അംശം ദേശത്ത് കൈതപ്പൊയിൽ പോസ്റ്റോഫീസ് പരിധിയിൽ താമസിക്കും തേക്കിൻതോട്ടം വീട്ടിൽ അബ്ദുൾ മജീദ് മകൻ മുഹമ്മദ് അഷ്റഫ് ടി.ടി, 37 വയസ്സ് (ലൈസൻസി) രണ്ടാം കക്ഷിയായും പരസ്പരം സമ്മതിച്ചെഴുതുന്ന ലൈസൻസ് എഗ്രിമെന്റ്.

ഒന്നാം കക്ഷി

രാജു സ്കറിയ R...

രണ്ടാം കക്ഷി

മുഹമ്മദ് അഷ്റഫ് ടി.ടി

No. 2152 Kerala 50rs താമരശ്ശേരി ഈങ്ങാപ്പുഴ

Date 13-5-2024

Name വരിക്കമാക്കൽ രാജു സ്കറിയ

STAMP VENDOR

C. P. PETTER

KODENCHERRY

08 MAY 2024

भारतीय गैर न्यायिक

भारत

पचास रुपये रु.50

FIFTY RUPEES Rs.50

सत्यमेव जयते

INDIA

INDIA NON JUDICIAL

കേരളം केरल KERALA

DA 421824

നമ്മളിൽ ഒന്നാം കക്ഷിയുടെ സ്വന്തം ഉടമസ്ഥാവകാശത്തിലിരിക്കുന്നതും വെസ്റ്റ് പുതുപ്പാടിയിൽ സ്ഥിതിചെയ്യുന്നതും പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിൽപ്പെട്ടതും PP 8/302A, എന്ന കെട്ടിട നമ്പറുള്ള കോൺക്രീറ്റ് കെട്ടിടത്തിലെ ഗ്രൗണ്ട് ഫ്ളോറിൽ സ്ഥിതിചെയ്യുന്ന അഞ്ച് മുറികളിൽ രണ്ടാം കക്ഷിക്ക് രണ്ട് മുറികൾ അക്ഷയ സെന്റർ നടത്തേണ്ട ആവശ്യാർത്ഥവും ബാക്കി മൂന്നു മുറികൾ കച്ചവട ആവശ്യത്തിനും വേണ്ടി ഒന്നാം കക്ഷിയോട് ആവശ്യപ്പെടുകയും ആയതിനെ തുടർന്ന് മേപ്പടി കെട്ടിട മുറികൾ രണ്ടാം കക്ഷിക്ക് ലൈസൻസിന് കൊടുക്കുവാൻ ഒന്നാം കക്ഷി സമ്മതിക്കുകയും ആയത് അംഗീകരിച്ച് രണ്ടാം കക്ഷി താഴെ പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി കെട്ടിടമുറികൾ ഒന്നാം കക്ഷിയിൽ നിന്നും ലൈസൻസ് വ്യവസ്ഥ പ്രകാരം താക്കോൽ സഹിതം രണ്ടാം കക്ഷി കൈവശം ഏറ്റുവാങ്ങുകയും ചെയ്തിരിക്കുന്നു.

ഒന്നാം കക്ഷി

രണ്ടാം കക്ഷി

No. 2153 Kerala

Date 13 . 5 . 2024

Name

STAMP VENDOR
C. P. PETTER
KODENCHERRY

08 MAY 2024

673 573

भारतीय गैर न्यायिक

पचास रुपये रु.50 | भारत | FIFTY RUPEES Rs.50

सत्यमेव जयते

INDIA

INDIA NON JUDICIAL

കേരളം केरल KERALA

DA 421825

<u>വ്യവസ്ഥകൾ</u>

1. ഇത് ഒരു സിമ്പിൾ ലൈസൻസ് മാത്രമാണെന്നും ആയത് കുടിയായ്മയോ ലൈസൻസ് കപ്പിൾഡ് വിത്ത് ഇന്ററസ്റ്റോ അല്ലാത്തതും ഇപ്പോൾ നിലവിലുള്ളതും മേലിൽ നിലവിലുള്ളതും മേലിൽ നിലവിൽ വരുന്നതുമായ കെട്ടിട വാടക നിയന്ത്രണനിയമങ്ങളുടെ പരിധിയിൽ വരാത്തതുമാണെന്നും മറിച്ചുള്ള. വാദങ്ങളുന്നയിക്കാൻ പാടില്ലാത്തതുമാണ്.

2. ഈ ലൈസൻസ് എഗ്രിമെന്റ് കാലാവധി ഇന്നു മുതൽ 11 പതിനൊന്ന് മാസ ക്കാലത്തേക്കായതുകൊണ്ട് 2025 ഏപ്രിൽ 14-ാം തിയ്യതി വരെ പ്രാബല്യത്തിലിരിക്കുന്നതും അതിനുശേഷം രണ്ടാം കക്ഷിക്കോ രണ്ടാം കക്ഷിയുടെ ആൾക്കാർക്കോമുറികളിൽപ്രവേശിക്കുവാനോ അവകാശമില്ലാത്തതുമാകുന്നു.

ഒന്നാം കക്ഷി

രണ്ടാം കക്ഷി

No. 2154 Kerala

Date 13.5.2024

Name

STAMP VENDOR

C. P. SETTER

KODENCHERRY

08 MAY 2024

भारतीय गैर न्यायिक

पचास रुपये रु.50

FIFTY RUPEES Rs.50

सत्यमेव जयते

INDIA

INDIA NON JUDICIAL

കേരളം केरल KERALA

DA 421826

3. ഈ ലൈസൻസ് എഗ്രിമെന്റ് നിലവിലുള്ള കാലത്തേക്ക് മാസം തോറും 30,000/- (മുപ്പതിനായിരം) രൂപ ലൈസൻസ് ഫീസായി രണ്ടാം കക്ഷി ഒന്നാം കക്ഷിക്ക് കൊടുത്ത് രസീത് കൈപ്പറ്റേണ്ടതാണ്.

4. ലൈസൻസ് ഫീയുടെ കാലാവധി എല്ലാ ഇംഗ്ലീഷ് മാസവും 5-ാം തിയ്യതി ആകുന്നതും അന്നുതന്നെ രണ്ടാം കക്ഷി ഒന്നാം കക്ഷിക്ക് ലൈസൻസ് ഫീ കൊടുക്കേണ്ടതുമാകുന്നു.

5. ലൈസൻസ് ഫീ ഏതെങ്കിലും മാസത്തെ ബാക്കിവെച്ചാൽ വീഴ്ചവരുത്തുന്ന തിയ്യതി മുതൽ തുക തരുന്ന തിയ്യതി വരെ പ്രതിദിനം 100 രൂപ തോതിൽ പിഴ തുക ലൈസൻസ് ഫീസിനുപുറമെ രണ്ടാം കക്ഷി ഒന്നാം കക്ഷിക്ക് കൊടുത്തു രസീതു വാങ്ങേണ്ടതുമാകുന്നു.

ഒന്നാം കക്ഷി

രണ്ടാം കക്ഷി

No. 2155 Kerala 50rs

Date 13. 5. 2024

Name

STAMP VENDOR
C. P. PETTER
KODENCHERRY

08 MAY 2024

673 573

6. രണ്ടാം കക്ഷി തുടർച്ചയായി 3 മാസം ലൈസൻസ് ഫീസ് കുടിശ്ശിക വരുത്തുകയോ 2 മാസം തുടർച്ചയായി മുറി പൂട്ടിയിടുകയോ ചെയ്താൽ കാലാവധി പരിഗണിക്കാതെ ഈ ലൈസൻസ് അവകാശം സ്വമേധയാ റദ്ദാവുന്നതും ഒന്നാം കക്ഷിക്ക് ഏറ്റെടുത്ത് മറ്റൊരാൾക്ക് കൊടുക്കാവുന്നതുമാണ്.

7. ഈ ലൈസൻസിന്റെ ഉറപ്പിലേക്കായി രണ്ടാം കക്ഷി ഡിപ്പോസിറ്റായി 2,00,000/- (രണ്ട് ലക്ഷം) രൂപ ഒന്നാം കക്ഷിക്ക് നൽകിയിട്ടുള്ളതും ആയത് ഒന്നാം കക്ഷിക്ക് കിട്ടി ബോധ്യം വരുന്നതും കാലാവധിക്ക് മുറി ഒഴിവായി ഒരു മാസത്തിന് ശേഷം ഡിപ്പോസിറ്റ് സംഖ്യ പലിശയില്ലാതെ ഒന്നാം കക്ഷി രണ്ടാം കക്ഷിക്ക് തിരികെ കൊടുക്കേണ്ടതുമാണ്.

8. രണ്ടാം കക്ഷിയുടെ ബിസിനസ്സിന് തടസ്സം വരാത്ത വിധത്തിൽ മേപ്പടി മുറികളുടെ പരിശോധന നടത്തുവാൻ ഒന്നാം കക്ഷിക്ക് അധികാരമുള്ളതാകുന്നു. ടി മുറി ഭദ്രമായും സുരക്ഷിതമായും രണ്ടാം കക്ഷി സൂക്ഷിക്കേണ്ടതാണ്.

9. രണ്ടാം കക്ഷി മേപ്പടി മുറികൾ അക്ഷയ സെന്ററും കച്ചവടവും നടത്തുന്നതിന് ആവശ്യത്തിനുള്ള സാധനങ്ങൾ സൂക്ഷിച്ച് നടത്താവുന്നതല്ലാതെ സ്ഫോടക വസ്തുക്കകളോ മദ്യം മുതലായ സാധനങ്ങൾ ഈ മുറികളിൽ സൂക്ഷിക്കുവാൻ പാടില്ലാത്തതുമാണ്. മേൽ അക്ഷസെന്ററും, കച്ചവടവും നടത്തിപ്പിന് ആവശ്യാർത്ഥം പഞ്ചായത്ത് അധികൃതരിൽ നിന്നും വേണ്ടിവരുന്ന പെർമിറ്റും ലൈസൻസും രണ്ടാം കക്ഷി വാങ്ങേണ്ടതുമാകുന്നു.

10. പീടികമുറിയിൽ രണ്ടാം കക്ഷി ഉപയോഗിക്കുന്ന വൈദ്യുതി ചാർജ്ജ് ലൈസൻസ് ഫീസിനുപുറമെ രണ്ടാം കക്ഷി അടച്ച് രസീത് കൈപ്പറ്റേണ്ടതാകുന്നു.

11. കാലാവധി പൂർത്തിയാകുമ്പോൾ ലൈസൻസ് ഫീ ഇനത്തിലോ വൈദ്യുതി ചാർജ്ജ് ഇനത്തിലോ വല്ല സംഖ്യകളും രണ്ടാം കക്ഷി ഒന്നാം കക്ഷിക്ക് നൽകുവാനുണ്ടെങ്കിൽ അത്തരം സംഖ്യകൾ മേപ്പടി ഡിപ്പോസിറ്റ് സംഖ്യയിൽ നിന്നും തട്ടികിഴിച്ചെടുക്കുവാൻ ഒന്നാം കക്ഷിക്ക് അധികാരമുള്ളതാകുന്നു.

| ഒന്നാം കക്ഷി | രണ്ടാം കക്ഷി |
| --- | --- |

മേൽ നമ്പർ മുറികൾ രണ്ടാം കക്ഷി സ്വന്തം ബിസിനസ്സ് ആവശ്യാർത്ഥം ഉപയോഗിക്കുന്നതല്ലാതെ ഭാഗികമായോ മുഴുവനായോ മറ്റൊരാൾക്ക് ഉപയോഗിക്കാൻ രണ്ടാം കക്ഷി അനുവാദം നൽകുവാനോ പാടില്ലാത്തതും എന്നാൽ നിയമപ്രകാരം രണ്ടാം കക്ഷി നിയമിക്കുന്ന ജീവനക്കാർക്ക് പ്രവർത്തിയെടുക്കാവുന്നതുമാണ്.

12. ഒന്നാം കക്ഷിയുടെ രേഖാമുലമായ അനുവാദം കൂടതെ രണ്ടാം കക്ഷി മേൽ ബിസിനസ്സ് നടത്തിപ്പിനാവശ്യമായ യാതൊരുവിധ റിപ്പയറുകളോ ഭേദഗതികളോ ചെയ്യുവാൻ പാടില്ലാത്തതും ഒന്നാം കക്ഷിയുടെ രേഖാമൂലം സമ്മതം കൂടാതെ രണ്ടാം കക്ഷി ബിസിനസ്സ് പാർട്ണറെ ചേർക്കുവാൻ പാടില്ലാത്തതുമാകുന്നു

13. രണ്ടാം കക്ഷി മേൽ കാണിച്ച 2025 ഏപ്രിൽ 14-ാം തിയ്യതി യാതൊരു തർക്കവും പറയാതെ രണ്ടാം കക്ഷിയുടെ ചിലവിൽ മുറികളിലുള്ള സാധന സാമഗ്രികൾ നീക്കം ചെയ്ത് മുറികൾ ഏൽപ്പിച്ച അതേ അവസ്ഥയിൽ തന്നെ ഒന്നാം കക്ഷിയെ താക്കോൽ സഹിതം തിരികെ ഏൽപ്പിക്കേണ്ടതും ആയതിന് വീഴ്ച വരുത്തുന്ന പക്ഷം രണ്ടാം കക്ഷി വക സാധന സാമഗ്രികൾ എടുത്തു മാറ്റി ഷോപ്പ് റൂമുകൾ ഒഴിവാക്കി കിട്ടുന്നതിനും ആയതിന് ഒന്നാം കക്ഷിക്കുണ്ടാകുന്ന ചിലവുകൾക്കും കഷ്ടനഷ്ടങ്ങൾക്കും രണ്ടാം കക്ഷി ഉത്തരവാദിയായിരിക്കുന്നതുമാണ്.

14. രണ്ടാം കക്ഷി മേൽ പറഞ്ഞ കാലാവധിക്ക് മുറികൾ ഒഴിവാക്കി ഒന്നാം കക്ഷിയെ ഏൽപ്പിച്ച് ഒരു മാസത്തിനുശേഷം ഡിപ്പോസിറ്റ് സംഖ്യ പലിശയില്ലാതെ രണ്ടാം കക്ഷി വൗച്ചർ എഴുതി ഒപ്പിട്ടുകൊടുത്ത് പ്രസ്തുത സംഖ്യ ഒന്നാം കക്ഷിയിൽ നിന്നും കൈപ്പറ്റാവുന്നതുമാണ്.

15. മേൽ പീടികമുറികളിൽ അക്ഷയ സെന്ററും കച്ചവടവും അല്ലാതെ മറ്റ് യാതൊരുവിധ ബിസിനസ്സുകളും രണ്ടാം കക്ഷി നടത്താൻ പാടില്ലാത്തതാണ്.

ഒന്നാം കക്ഷി

രണ്ടാം കക്ഷി

16. ലൈസൻസ് കാലാവധി പൂർത്തിയാകുന്ന സമയം നമ്മൾ ഇരുകക്ഷികൾക്കും സമ്മതമാണെങ്കിൽ വീണ്ടും പതിനൊന്ന് മാസത്തേക്ക് മേപ്പടി മുറികൾ പുതിയ ലൈസൻസ് എഗ്രിമെന്റ് പ്രകാരം രണ്ടാം കക്ഷിക്ക് മേൽ പ്രകാരം അക്ഷയ സെന്ററും കച്ചവടവും നടത്തുന്നതിന് ഏറ്റെടുക്കാവുന്നതാണ്. ലൈസൻസ് എഗ്രിമെന്റ് പുതുക്കി നൽകുമ്പോൾ നിലിവിലെ ലൈസൻസ് ഫീയായ 30,000/- (മുപ്പതിനായിരം) രൂപയുടെ 10% വർദ്ധനവോടെയുള്ള സംഖ്യ എല്ലാമാസവും രണ്ടാം കക്ഷി ഒന്നാം കക്ഷിക്ക് നൽകേണ്ടതാണ്.

17. ഈ എഗ്രിമെന്റിന്റെ ഒർജിനൽ രണ്ടാം കക്ഷിയും ഒപ്പിട്ട ഫോട്ടോകോപ്പി ഒന്നാം കക്ഷിയും സൂക്ഷിക്കേണ്ടതാണ്. മേൽ കാണിച്ച വ്യവസ്ഥകൾ നിറവേറ്റാൻ രണ്ടാം കക്ഷി വീഴ്ചവരുത്തുന്ന പക്ഷം ഈ ലൈസൻസ് എഗ്രിമെന്റിലെ കാലാവധി പരിഗണിക്കാതെ രണ്ടാം കക്ഷിയുടെ സാധനങ്ങൾ മുറികളിൽ നിന്നും എടുത്തുമാറ്റി മുറികളിൽ നിന്നും രണ്ടാം കക്ഷിയെ ഒഴിവാക്കാൻ ഒന്നാം കക്ഷിക്ക് അധികാരവകാശമുള്ളതുമാണ്.

മേൽ വ്യവസ്ഥകളും നിബന്ധനകളും അന്യോന്യം നിശ്ചയിച്ചും സമ്മതിച്ചും നമ്മളും സാക്ഷികളും കോടഞ്ചേരി അംശം ദേശത്തുവെച്ച് ഇതിൽ ഒപ്പിട്ടു.

ഒന്നാം കക്ഷി

രണ്ടാം കക്ഷി

**<u>സാക്ഷികൾ</u>**

1.

2.